# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3731

19.03.2018-ൽ മറുപടിയ്ക്ക്

## തിരുമല-തൃക്കണ്ണാപുരം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല – തൃക്കണ്ണാപുരം റോഡ് പണിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വർക്കുകൾ ഏത് വർഷത്തിലാണ് ആരംഭിച്ചതെന്നും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നിലവിൽ ഉള്ള തടസ്സങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി 2018-19 വർഷത്തിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ; പ്രസ്തുത പ്രവൃത്തി എത്ര മാസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയും; | (എ), (ബി), & (സി) തിരുമല – തൃക്കണ്ണാപുരം റോഡ് നിർമ്മാണ പ്രവൃത്തികൾ നിലവിൽ ആരംഭിച്ചിട്ടില്ല. നേമം നിയോജക മണ്ഡലത്തിലെ തിരുമല – തൃക്കണ്ണാപുരം റോഡ് വികസനത്തിനായി തിരുമല മുതൽ തൃക്കണ്ണാപുരം പാലം വരെ 274.91 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 18/10/2005-ലെ സ.ഉ. (സാധാ) നം. 949/2005/പൊ.മ.വ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 211.41 ആർ സ്ഥലം പൊതു മരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി വരുന്ന 63.50ആർ സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതുണ്ട്. 05/03/2013-ലെ സർക്കാർ ഉത്തരവ് നം. 1200/13/ആർ.ഡി പ്രകാരം 76 കോടി രൂപ ഇതിനായി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പ് ഇനി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിലയ്ക്ക് ആധാരമായി 5 ശതമാനം കണ്ടിജൻസി ചാർജ് ഭരണാനുമതി തുകയിൽ നിന്ന് ചെലവാക്കാനുള്ള അനുവാദം നൽകി യിട്ടുണ്ട്. ബാക്കിയുള്ള സ്ഥലം (63.5ആർ) റവന്യൂ വകുപ്പ് ഏറ്റെടുത്ത് കൈമാറുന്ന മുറയ്ക്ക് റോഡ് പ്രവൃത്തി ആരംഭിക്കുന്നതാണ് |

| | |
|---|---|
| (ഡി) ഈ റോഡുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിന്മേൽ എടുത്ത നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പരാതികൾ നിലവിലുണ്ട്. പരാതികൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടന്നു വരുന്നു. |
| (ഇ) പ്രസ്തുത റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) ഇല്ല. 63.5ആർ ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്ത് കൈമാറേണ്ടതുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതിനായി തിരുമല മുതൽ തൃക്കണ്ണാപുരം വരെ നിലവിലുള്ള കട ഉടമകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. നഷ്ട പരിഹാര തുക കൈമാറി സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് മാത്രമേ റോഡ് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ